the kole lands we are investigating another scheme, the Chalakkudi Diversion Scheme. We are actually taking measurements every year to find out the quantity of water that could be diverted from the Chalakkudi river. This Pillathodu Scheme is useful only in so far as it will benefit the *kole* lands and for moderation and prevention of floods. From the point of view of irrigation of *mundakan* and *puncha* lands I submit this scheme is not of much use. Partly on account of that and partly on account of financial difficulties the Government cannot take it at present.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അദ്ദേഹം പറഞ്ഞതു് യുദ്ധം കഴിഞ്ഞിട്ടു നോക്കാമെന്നാണു്. ഇപ്പോൾ ഗവമ്മെണ്ടു് ഇറിഗേഷനുവേണ്ടിയൊക്കെ വളരെ ചിലവു ചെയ്യുന്നുണ്ടു്; കൊല്ലാകൊല്ലം വലിയ വലിയ ബണ്ടുകൾ കെട്ടാറുണ്ടു് എന്നു പറഞ്ഞു. വാസ്തവത്തിൽ മണ്ണുകൊണ്ടു വലിയ വലിയ ബണ്ടുകളുണ്ടാക്കിവരുന്ന ഏർപ്പാടാണു് കൊല്ലാകൊല്ലം നടത്തിവരുന്നതു്. ആ ബണ്ടുകളിലെ മണ്ണു പുഴയിൽ വീണു് പുഴ നികത്താനുള്ള ഒരു സ്കീമല്ലാതെ ശരിയായ ഒരു ഇറിഗേഷൻ സ്കീം യാതൊന്നുംതന്നെ ഗവമ്മെണ്ടു ചെയ്യുവരുന്നില്ല. എന്നാൽ ഈ പിള്ളത്തോട്ടു് സ്കീം നടപ്പിൽ വരുത്തുകയാണെങ്കിൽ ഇങ്ങിനെ കൊല്ലാകൊല്ലം ബണ്ടു കെട്ടി പുഴയിൽ വെള്ളം നില്ക്കുവാനും, പുഴ നികത്താതിരിക്കുവാനും സാധിക്കുന്നതാണു്. യുദ്ധം കാരണം പെട്ടെന്നു് ഈ സ്കീം എടുക്കുന്നതിനു സാദ്ധ്യമല്ലെന്നു എനിക്കും ബോദ്ധ്യമുണ്ടു്. അതുകൊണ്ടു തല്ക്കാലം ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

Resolution by leave withdrawn

RESOLUTION No. 14

Stationing an ambulance boat at the Cochin Harbour

"This Council recommends to the Government of His Highness the Maharaja that an ambulance boat may be permanently stationed at Cochin Harbour for the protection of water conveyances and the workmen therein during the rainy season."

മിസ്റ്റർ വി. കെ. കുട്ടി: സർ, വർഷക്കാലത്തു ജലവാഹനങ്ങളുടേയും അതിലെ തൊഴിലാളികളുടേയും പരിരക്ഷയെ ഉദ്ദേശിച്ചു് കൊച്ചി തുറമുഖത്തു സ്ഥിരമായി ഒരു ആംബുലൻസ് ബോട്ടു് ഏർപ്പെടുത്തണമെന്നു് ഈ കൌൺസിൽ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു. ഇതാണു് ഞാൻ ഇവിടെ ഹാജരാക്കീട്ടുള്ള പ്രമേയം. എറണാകുളവും കൊച്ചിയുമായുള്ള ഗതാഗതബന്ധം ഹാർബർമൂലം വളഞ്ഞ വഴിയിൽക്കൂടിയുള്ളതായതിനാൽ വർഷക്കാലത്തു വള്ളങ്ങൾ മുങ്ങുവാനും തൻമൂലം വലിയ അപകടങ്ങൾ സംഭവിക്കുവാനും കാരണമാകുന്നുണ്ടു്. ഈ കഷ്ടതകൾ സാധുക്കൾ അനുഭവിച്ചുതുടങ്ങീട്ടു് വളരെക്കാലമായിട്ടുണ്ടു്. ഈ കൌൺസിലിൽ ഞാൻ മെമ്പറായി വന്നതിനുശേഷം രണ്ടുമൂന്നുപ്രാവശ്യം ഇതുപോലെയുള്ള പ്രമേയങ്ങൾ അയക്കുകയും നിർഭാഗ്യവശാൽ അതൊന്നും ഇവിടെ ആലോചനയ്ക്കു വരാതിരിക്കുകയുമാണുണ്ടായിട്ടുള്ളതു്. എന്റെ ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു വലുതായ ചിലവൊന്നും ഉണ്ടാകുവാനിടയില്ല. ഏപ്പോഴും കൊച്ചി ഗവമ്മെണ്ടു വക നാലഞ്ചു ബോട്ടുകൾ കടവുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ കെട്ടിയിടാറുണ്ട്. അതിലെ ഡ്രൈവർമാരും മറ്റു ജോലിക്കാരും എപ്പോഴും തയ്യാറായിരിക്കുവാൻ ചുമതലപ്പെട്ടവരാണ്. അപകടങ്ങൾ സംഭവിക്കുന്നതു സാധാരണ വഷ്ക്കാലത്താണ്. തന്നിമിത്തം വഷ്ക്കാലം സമീപിക്കുന്നതിനു മുമ്പ്, നമ്മുടെ ഉദ്യോഗസ്ഥന്മാർ ജലവാഹനങ്ങളിൽക്കൂടിയുള്ള യാത്രകളെല്ലാം അവസാനിപ്പിക്കുക പതിവാണ്. ആ നിലയിലും ബോട്ടുകൾ ഇതിലേയ്ക്കു ഉപയോഗപ്പെടുത്തുവാനുള്ള സൌകര്യം വർദ്ധിക്കുന്നുണ്ട്. അതുകൊണ്ടു ആവക ബോട്ടുകൾ ഉപയോഗിച്ച് എന്റെ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന രക്ഷ ചെയ്തുകൊടുക്കുവാൻ യാതൊരു പ്രയാസവുമില്ലാത്തതാണെന്ന് ഈ സഭ മനസ്സിലാക്കുവാൻ ഞാൻ ആശിക്കുന്നു. മുൻകാലങ്ങളിൽ നമ്മുടെ കായൽപ്പരപ്പിലെ ആപത്തുകളിൽനിന്നും ആളുകളെ രക്ഷിച്ചിരുന്നതു് ഏതാനും നാവികന്മാരായിരുന്നു—വാലന്മാരായിരുന്നു—ഇപ്പോൾ ബീച്ചിൽ മനോഹരമായി കാണപ്പെടുന്ന പാക്കു് അന്നു് ആ ജനസേവനനിരതന്മാരുടെ നിവാസകേന്ദ്രമായിരുന്നു. അവർ ഈ കായലോരങ്ങളിൽ താമസിച്ചിരുന്നകാലത്തു് സാഹചര്യങ്ങളുടെ പ്രാതികൂല്യത്തെ പരിഗണിക്കാതെ, അപകടങ്ങളുണ്ടാകുമ്പോൾ ഉടനെ മുന്നിട്ടിറങ്ങി ആളുകളെ രക്ഷിച്ചിരുന്നു. എന്നാൽ അവരെ അവിടെനിന്നും നീക്കിയതിനുശേഷം അപകടങ്ങൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. സാധുക്കളായ തൊഴിലാളികളെ ഈവക അപകടങ്ങളിൽനിന്നും സംരക്ഷിക്കുവാനുള്ള യാതൊരു ഏർപ്പാടുകളും ഗവൺമെണ്ടു് ചെയ്തിട്ടില്ല. അതുകൊണ്ടു് ഇങ്ങിനെ കഷ്ടപ്പെടുന്ന സാധുക്കളെ രക്ഷിക്കുവാൻവേണ്ടി യാതൊരു നഷ്ടവും ഗവൺമെണ്ടിനില്ലാത്തതരത്തിലുള്ള ഒരു സഹായം ചെയ്യണമെന്നാണു് ഞാനാവശ്യപ്പെടുന്നതു്. ഇതിനെ സംബന്ധിച്ചു് കൂടുതലായി പ്രസംഗിച്ചു് ഈ സഭയുടെ സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഈ സഭയുടെ സഹകരണത്തോടുകൂടി ഈ പ്രമേയം സ്വീകരിച്ചു് നടപ്പിലാക്കണമെന്നു് ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇതു വളരെ ആവശ്യമായിട്ടുള്ള ഒരു പ്രമേയമാണെന്നു കാണുന്നതുകൊണ്ടും, പ്രത്യേകിച്ചു യുദ്ധകാലമായതുകൊണ്ടും ഞാൻ സർവ്വശക്തികളോടുംകൂടി ഇതിനെ പിൻതാങ്ങുന്നു.

Mr. A. V. Moothedan *(Chalakkudi):* I support the resolution. In the months of Edavam and Mithunam especially this backwater is very dangerous and very many accidents take place. The hon'ble members coming from the north have no idea of the backwaters here.

Some Hon'ble Members: We know it and we are supporting the resolution.

Mr. A. V. Moothedan *(Chalakkudi):* Every year there are cases of boats being capsized and people being drowned. The Police boat is here. Some of these boats may be made available for the purpose for Edavam and Mithunam.

മിസ്റ്റർ എം. ഡി. നാരായണയ്യർ: ഈ പ്രമേയത്തിൽ അന്തർഭവിച്ചിട്ടുള്ള സംഗതി എല്ലാവരും സമ്മതിക്കുന്നതാണ്. എന്നാൽ ഇതു് എത്രത്തോളം സാദ്ധ്യമാകുമെന്നുള്ള ഒരു നിലയിലാണ് അഭിപ്രായവ്യത്യാസമുള്ളതു്. കരയിലാണെങ്കിൽ ഒരു അപകടമുണ്ടാകുന്നപക്ഷം ആംബുലൻസു കാറും മറ്റും ഏർപ്പെടുത്തിയാൽ അതു ഉപയോഗപ്രദമായിരിക്കും. എന്താണെന്നുവെച്ചാൽ കരയിൽവെച്ചു്

LIBRARY ARCHIVES Kerala Legislative Assembly

ഒരാളുടെ മേൽ കാറൊ മറെറാ കയറിയാൽ വേറെ ഒരു കാർ വരുന്നതുവരെ അയാൾ കരയിൽതന്നെ കിടന്നാലും അയാൾക്കു യാതൊരു അപകടവും വരുവാനില്ല. എറണാകുളം മുതൽ കൊടുങ്ങല്ലൂർവരെ, അല്ലെങ്കിൽ ചെല്ലാനം മുതൽ കൊടുങ്ങല്ലൂർവരെ പുഴയാണുള്ളതു്. അതിൽ എവിടെയെങ്കിലും ഒരു അപകടമുണ്ടായാൽ ആംബുലൻസ് ബോട്ടു് അപകടമുണ്ടായ സ്ഥലം അറിഞ്ഞു് അവിടെ എത്തുമ്പോഴേയ്ക്കും ആളുടെ സ്ഥിതി എന്തായിരിക്കുമെന്നുള്ളതു് പറയുവാൻ സാധിക്കുകയില്ല. കാരണം, ആംബുലൻസ് ബോട്ടു് മറെറാരു ദിക്കിലായിരിക്കും കിടക്കുക.

മിസ്റ്റർ വി. കെ. കുട്ടി: ഹാർബറിനു ചുറ്റുമുള്ള അപകടത്തിൽനിന്നും രക്ഷപ്പെടുത്താനുള്ള ഉദ്ദേശത്തോടുകൂടി അവിടെ ഒരു ബോട്ടുണ്ടായാൽമതി.

മിസ്റ്റർ എം. ഡി. നാരായണയ്യർ: തുറമുഖത്തിനു ചുറ്റും ഏകദേശം ഏഴെട്ടു ചതുരശ്രനാഴിക ദൂരമുണ്ടു്. ഈ ഭാഗങ്ങളിൽ എവിടെയെങ്കിലും ഒരു അപകടമുണ്ടായാൽ അറിവുകിട്ടി ആംബുലൻസ് ബോട്ടു് അവിടെ എത്തുമ്പോഴേയ്ക്കും ബോട്ടു മറിഞ്ഞു് പുഴയിൽ വീഴുന്ന ആളുടെ സ്ഥിതി എന്തായിരിക്കുമെന്നു് ആലോചിച്ചാൽ അറിയാവുന്നതാണു്. ബോട്ടു് അവിടെ എത്തുന്നതിനു മുമ്പുതന്നെ ആൾ അറബിക്കടലിൽ എത്തിക്കഴിയും. സാധാരണമായി അപകടമുണ്ടാകുന്നതു് ഇന്നദിക്കിലാണെന്നു് മിസ്റ്റർ കുട്ടി അറിവുതരികയാണെങ്കിൽ അവിടെ ഒരു ബോട്ടു വെക്കുവാൻ സാധിക്കും.

മിസ്റ്റർ വി. കെ. കുട്ടി: അങ്ങിനെ അറിയാമെന്നുണ്ടെങ്കിൽ ഇങ്ങിനെയുള്ള ഒരു റസല്യൂഷൻതന്നെ കൊണ്ടുവരികയില്ലായിരുന്നു.

മിസ്റ്റർ എം. ഡി. നാരായണയ്യർ: അതുകൊണ്ടു് ഇന്നദിക്കിലാണു് അപകടമുണ്ടാകുന്നതെന്നു് അറിയുവാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. അങ്ങിനെയിരിക്കുമ്പോൾ എവിടെയാണു് ബോട്ടു കാത്തിരിക്കേണ്ടതെന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സി. വി. ഇയ്യു: ഓരോ ബോട്ടിലും വയർലസ് വെച്ചാൽ അറിയുവാൻ സാധിക്കും.

മിസ്റ്റർ എം. ഡി. നാരായണയ്യർ: അതു നടക്കാത്ത കാര്യമാണു്. നടക്കാവുന്ന കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ടു്. ബോട്ടുകളുടെ വലിപ്പമനുസരിച്ചു് ഓരോ ബോട്ടിലും ലൈഫ് ബോയ് ഉണ്ടായിരിക്കണമെന്നു നിബ്ബന്ധമുണ്ടു്. കൂടാതെ എറണാകുളത്തുനിന്നും കൊച്ചിക്കും കൊടുങ്ങല്ലൂക്കും അര മണിക്കൂർ ഇടവിട്ടു് പത്തും ഇരുപത്തഞ്ചും ബോട്ടുകൾ തുടർന്നു പോയിക്കൊണ്ടിരിക്കുന്നുണ്ടു്. വല്ല അപകടവും ഉണ്ടായാൽ ആ മോട്ടോർ ബോട്ടുകളുടെ സഹായംകൊണ്ടു് ആംബുലൻസുബോട്ടിന്റെ പ്രയോജനമുണ്ടാക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു പ്രമേയത്തിൽ പറയുന്ന സംഗതി ഉപയോഗപ്രദമായിട്ടുള്ളതാണെന്നു തോന്നുന്നില്ല. എന്നാൽ ഇതു് ആവശ്യമില്ലാത്ത ഒരു സംഗതിയാണെന്നു് ഗവൺമെണ്ടിന്നഭിപ്രായമില്ല. നടക്കാത്ത ഒരു കാര്യമായതുകൊണ്ടു് ഈ പ്രമേയം സ്വീകരിക്കുവാൻ നിവൃത്തിയില്ല. ലൈഫ് ബോയ് എല്ലാ ബോട്ടുകളിലും ഉള്ളതുകൊണ്ടു് ഈ ആവശ്യം വേണ്ടപോലെ നിവ്വഹിക്കുവാൻ പ്രയാസവുമില്ല. ഒരു വള്ളം മുങ്ങുകയാണെങ്കിൽ അതിനു് ഏതാണ്ടു് ഏഴം അടി ദൂരത്തിൽ ബോട്ടുണ്ടായിരിക്കുമെന്നുള്ളതിനാൽ ലൈഫ് ബോയ് എറിഞ്ഞുകൊടുത്തു് ആളുകളെ രക്ഷിക്കുവാൻ സാധിക്കും. അതുകൊണ്ടു് മിസ്റ്റർ കുട്ടിയുടെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന ആംബുലൻസു് ബോട്ടിന്റെ ആവശ്യമില്ലെന്നാണു് ഗവൺമെണ്ടിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി: എന്റെ പ്രമേയം ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർ വായിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അർത്ഥം മനസ്സിലാക്കിട്ടുണ്ടോ എന്ന സംശയമാണ്. വഞ്ചി മുങ്ങുന്നതു എവിടെയായിരിക്കുമെന്നു പറഞ്ഞുകൊടുത്താൽ അവിടെ ഗവണ്മെണ്ടിൽനിന്നും സൌകര്യംചെയ്തുകൊടുക്കാമായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞതു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ: അതെ.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: വഴിക്കാലത്തു ജലവാഹനങ്ങളുടേയും എന്നു പറഞ്ഞിരിക്കുന്നതു് എന്താണു്?

മിസ്റ്റർ വി. കെ. കുട്ടി: അപകടമുണ്ടാകുന്നതു് കണ്ടറിഞ്ഞു് രക്ഷിക്കുവാൻ തക്കവണ്ണം ഒരു ബോട്ടു് ഏർപ്പാടുചെയ്യണമെന്നാണു് ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. ഏതുസമയത്താണു് അപകടമുണ്ടാകുന്നതെന്നു അറിഞ്ഞുകൂടെന്നും അങ്ങിനെ അപകടമുണ്ടാകുകയാണെങ്കിൽ എറണാകുളം കൊച്ചി ലൈനിൽ എപ്പോഴും ബോട്ടു ഓടിക്കൊണ്ടിരിക്കുന്നതുകൊണ്ടു് ആ ബോട്ടുകൾ അവരെ രക്ഷിക്കും എന്നുമാണു് ബഹുമാനപ്പെട്ട എഞ്ചിനീയറിങ്ങ് മെമ്പർ പറഞ്ഞതു്. എന്നാൽ സാധാരണ എപ്പോഴാണു് അപകടമുണ്ടാകുന്നതെന്നു നോക്കിയിരിക്കുവാനുള്ള ധൈര്യമുള്ളവരായിരിക്കുകയില്ല. കൂടാതെ, വഴിക്കാലങ്ങളിൽ അപകടനില കാണുമ്പോൾ ബോട്ടുകൾ വിടുവാൻ കനാൽ ഉദ്യോഗസ്ഥന്മാർ അനുവദിക്കുന്നതുമല്ല. ആസ്ഥിതിക്കു് ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ പറയുമ്പോലെ, കായലിൽ അപകടം സംഭവിക്കുന്നവരെ രക്ഷിക്കുന്നതെങ്ങിനെയെന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടാണു് ഒരു പ്രത്യേക ആംബുലൻസു ബോട്ടു വേണമെന്നു ഞാൻ നിർദ്ദേശിക്കുന്നതു്.

ഡെപ്യൂട്ടി പ്രസിഡണ്ടു്: മിസ്റ്റർ കുട്ടി ഒരു ബോട്ടു വേണമെന്നല്ലേ ഉദ്ദേശിച്ചിരിക്കുന്നതു്?

മിസ്റ്റർ വി. കെ. കുട്ടി: അതെ.

ഡെപ്യൂട്ടി പ്രസിഡണ്ടു്: ആ ബോട്ടു് എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കണമെന്നാണൊ പറയുന്നതു്?

മിസ്റ്റർ വി. കെ. കുട്ടി: പോഞ്ഞിക്കരക്കു് അടുത്തു് ഒരു വഞ്ചിയൊ മറ്റൊ മുങ്ങിയാൽ അതിലുള്ള ആൾ അത്രപെട്ടെന്നു് ഒലിച്ചു കടലിലെങ്ങും പോകുകയില്ല. അതുപോലെയുള്ള ഏതെങ്കിലും ഭാഗങ്ങളിൽ മുങ്ങിയാലും നീന്തി കരയിൽ കയറാൻ സാധിക്കും. എന്നാൽ തുറമുഖത്തു് ആളൊ വഞ്ചിയൊ മുങ്ങുകയാണെങ്കിൽ കണ്ടുപിടിക്കുവാൽ വളരെ പ്രയാസമാണു്. അങ്ങിനെയുണ്ടാകുന്ന അപകടങ്ങളിൽനിന്നും രക്ഷിക്കണമെന്നാണു് പറയുന്നതു്. തുറമുഖത്തിനു സമീപം മുങ്ങുകയാണെങ്കിൽ രക്ഷപ്പെടുന്നതു് വളരെ ചുരുക്കമാണു്. അവിടെയുണ്ടാകുന്ന ഒരു അപകടത്തിൽപ്പെട്ടു് ഒരാളാണു മരിക്കുന്നതെങ്കിൽ അയാളെ രക്ഷിക്കുന്നതു തന്നെ ഒരു വലിയ കാര്യമല്ലെ?

മിസ്റ്റർ ടി. കെ. നായർ: സാധാരണയായിട്ടു് ഈ വിഷയത്തിലുള്ള അനുഭവമില്ലാത്തതുകൊണ്ടു ചോദിക്കുന്നതാണു്. ഇന്നയിന്നസ്ഥലങ്ങൾക്കുള്ളിലാണു് അപകടമുണ്ടാകാവുള്ളതെന്നു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ വി. കെ. കുട്ടി: എറണാകുളത്തുനിന്നും കൊച്ചിയിലേക്കും കൊച്ചിയിൽനിന്നു പഴയ റയിൽവേ ജട്ടിയിലേക്കും ഉള്ള ലൈനിലാണു് അപകടമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യാൽ രക്ഷപ്പെടാൻ പ്രയാസമുള്ളതു്. ആ സ്ഥാനങ്ങളിൽനിന്നും എങ്ങോട്ടെങ്കിലും മാറിയാൽ രക്ഷപ്പെടുവാൻ സാധിക്കും.

മിസ്റ്റർ ടി. കെ. നായർ: അങ്ങിനെയാണെങ്കിൽ അതു ഗവമ്മെണ്ടിനു നോക്കുവാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

ഡെപ്യൂട്ടി പ്രസിഡണ്ടു്: അരമണിക്കൂർ ഇടവിട്ടു് ബോട്ടുണ്ടായിരിക്കയില്ലെ?

മിസ്റ്റർ വി. കെ. കുട്ടി: എറണാകുളത്തുനിന്നുള്ള ഫെറി ബോട്ടു് മഴക്കാലത്താണെങ്കിൽ യഥാകാലം വിട്ടുപോകുവാൻ കനാൽ ഡിപ്പാർട്ടുമെണ്ടുകാർ സമ്മതിക്കുകയില്ല.

മിസ്റ്റർ എം. ഡി. നാരായണയ്യർ: അതൊന്നുമില്ല.

ഡെപ്യൂട്ടി പ്രസിഡണ്ടു്: "ഫെറി ബോട്ടു മാത്രമല്ലാതെ വേറെയും പല ബോട്ടുകളുമുണ്ടല്ലൊ.

മിസ്റ്റർ വി. കെ. കുട്ടി: അപകടമുണ്ടാകുന്നതു് എവിടെയാണെന്നുള്ളതു് മനസ്സിലാക്കി രക്ഷിക്കുവാനുള്ള ഒരു അറിവു തരണമെന്നു പറഞ്ഞാൽ അതു സാദ്ധ്യമല്ല. ആവശ്യം വരുമ്പോൾ രക്ഷിക്കുവാൻ സാധിക്കത്തക്കവിധത്തിൽ ഉള്ള സൌകര്യം ചെയ്യുതരണമെന്നാണു് പറയുന്നതു്. ഇപ്പോൾതന്നെ എയർ റെയിഡും മറ്റും വരുമെന്നുദ്ദേശിച്ചു് അതിലേക്കുള്ള സൌകര്യങ്ങൾ മുൻകൂട്ടി ചെയ്യുവരുന്നില്ലെ. അതുകൊണ്ടുതന്നെ ഇവിടെ എയർ റെയിഡു് ഉണ്ടാകാതിരിക്കുവാനും വഴിയുണ്ടു്. ഉണ്ടാകയില്ലെങ്കിലും ഉണ്ടാകുമെന്നുദ്ദേശിച്ചു് മുൻകരുതൽ ചെയ്യേണ്ടതു് ആവശ്യമാണെന്നു് ഗവമ്മെണ്ടിനു ബോദ്ധ്യമുള്ളതായി അതിൽനിന്നും മനസ്സിലാകുന്നുണ്ടു്. ആ ഉദ്ദേശം വെച്ചുകൊണ്ടുതന്നെ ഈ പ്രമേയവും ആവശ്യമാണെന്നു രേഖപ്പെടുത്തുവാൻ ഞാൻ ബഹുമാനപ്പെട്ട സഭയോടപേക്ഷിക്കുന്നു.

" മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഇതിൽ വഷ്ക്കാലത്തുണ്ടാകുന്ന ജലവാഹനങ്ങളേയും അതിലെ തൊഴിലാളികളേയും മാത്രം രക്ഷിക്കുവാനാണു് ഉദ്ദേശിച്ചുകാണുന്നതു്. യാത്രക്കാരുടെ കാര്യമൊന്നും പറഞ്ഞിട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി: ഇവിടെനിന്നും വള്ളക്കാരാണു് പുറത്തേക്കു ചരക്കുകളും മറ്റും കയറ്റിക്കൊണ്ടു പോകുന്നതു്. യാത്രക്കാരെല്ലാം സാധാരണ സഞ്ചരിക്കാറുള്ളതു് ബോട്ടുകളിലാണു്. അതുകൊണ്ടു് വഞ്ചികളിൽ ജോലിചെയ്യുന്നവക്കു് രക്ഷയുണ്ടായിരിക്കണമെന്നുള്ളതാണു് പ്രധാന ഉദ്ദേശം.

മിസ്റ്റർ ടി. കെ. നായർ: ഈ പ്രമേയം ഗവമ്മെണ്ടു് സ്വീകരിക്കുകയാണെങ്കിൽ ഇപ്പോഴുള്ള ഗവമ്മെണ്ടുവക രണ്ടുമൂന്നു ബോട്ടു് ഇതിലേക്കു് ഉപയോഗിച്ചാൽ പോരെ?

മിസ്റ്റർ എം. ഡി. നാരായണയ്യർ: ബോട്ടു കുറവാണൊ എന്നുള്ള കാര്യമൊന്നും ആലോചിക്കുവാനില്ല. മിസ്റ്റർ കുട്ടി പറഞ്ഞതുപോലെ അപകടം കണ്ടയുടനെ പുറപ്പെട്ടു് സ്ഥലത്തെത്തുന്നതിനു സാദ്ധ്യമല്ല. കുറച്ചു താമസം നേരിടും. ഹാർബറിൽ താഴ്ന്നുകഴിഞ്ഞാൽ പിന്നെ പോകുന്നതു് സമുദ്രത്തിലേക്കാണു്. നൂറു് അടി ദൂരത്തിലാണു് ബോട്ടു് നില്ക്കുന്നതെന്നുവെച്ചാൽ അതു് സ്റ്റാർട്ടുചെയ്തു് അവിടെ എത്തുന്നതിനുമുമ്പു് താഴ്ന്നുപോയ ആൾ അറബിക്കടലിൽ എത്തും.

മിസ്റ്റർ ടി. കെ. നായർ: ഇതു ഞങ്ങളാരും ഇതേവരെ നോക്കീട്ടില്ല, ഗവമ്മെണ്ടും നോക്കീട്ടില്ല. എന്നാൽ ഞങ്ങൾക്കു വരാവുന്ന ഒരു അപകടത്തിൽനിന്നും രക്ഷനേടുവാനുള്ള മാർഗ്ഗം ഗവമ്മെണ്ടു് ചെയ്യേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഡി. നാരായണയ്യർ : അപകടം ഉണ്ടായ വിവരം അറിഞ്ഞു് അവിടെ എത്തുന്നതിനുമുമ്പ് അറബിക്കടലിലെത്തിക്കഴിയും.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : ശവമെങ്കിലും കൊണ്ടുവരുമോ ?

മിസ്റ്റർ എം. ഡി. നാരായണയ്യർ : ശവം അറബിക്കടലിൽ പോകും.

മിസ്റ്റർ ടി. കെ. നായർ : ഇതിൽ പറയുന്ന സംഗതി സാദ്ധ്യമല്ലെങ്കിൽ ഈ വിഷയത്തിൽ എന്തെങ്കിലും ഒരു രക്ഷ കിട്ടണം. ഈ വഴിക്കല്ലെങ്കിൽ മറേതെങ്കിലും വഴിക്കു് ഒരു suggestion ഗവമ്മെണ്ടു് കണ്ടുപിടിക്കണം. അല്ലാതെയാതൊന്നും സാദ്ധ്യമില്ലെന്നു പറയുന്നതു് ശരിയല്ല.

മിസ്റ്റർ എം. ഡി. നാരായണയ്യർ : ഈ പദ്ധതി ഉപയോഗപ്രദമല്ലെന്നു മാത്രമേ പറയുന്നുള്ളൂ.

മിസ്റ്റർ ടി. കെ. നായർ : ഈ രൂപത്തിലല്ലെങ്കിൽ വേറൊരു രൂപത്തിൽ ചെയ്യാമെന്നുപറഞ്ഞാൽ മതി. അതില്ലാത്ത സ്ഥിതിക്കു് നിങ്ങൾക്കും ഞങ്ങൾക്കും ഒന്നുപോലെ അറിവില്ലാത്ത ഈ സംഗതിയിൽ ഇതു് ഒരു എക്സ്പിരിമെൻറലായിട്ടെങ്കിലും നോക്കരുതോ ? ഇവിടെ ഇപ്പോൾ എയർ റെയിഡ് ഷെൽട്ടേഴ്സ് പണിയുന്നുണ്ടു്. അതുകൊണ്ടുള്ള രക്ഷ എന്താണെന്നുള്ളതു് എല്ലാവർക്കും അറിഞ്ഞുകൂടേ ? എയർ റെയിഡ് ഉണ്ടായാലും ഇല്ലെങ്കിലും ഒരു സമാധാനത്തിനുവേണ്ടിയല്ലേ അതു പണിയുന്നതു്. അതുപോലെയുള്ള ഒരു സമാധാനത്തിനുവേണ്ടിയെങ്കിലും ഇതിൽ ഗവമ്മെണ്ടിനു പരിശ്രമിച്ചാൽ എന്താണു് വിരോധം? ഒരു ബോട്ടു് ഒരു മൂന്നുമാസക്കാലത്തേക്കെങ്കിലും വെക്കുക. അങ്ങിനെ ചെയ്താൽ പിന്നെ ഒരു ബോട്ടും മുങ്ങുന്നില്ലെങ്കിൽ അതുതന്നെ വലിയ രക്ഷയല്ലേ ? ഈ വക ഷെൽട്ടേഴ്സും മറ്റും പണിയുന്നതുകൊണ്ടു് ഇവിടെ എയർ റെയിഡ് ഉണ്ടാകയില്ലെന്നു് മിസ്റ്റർ കട്ടി പറയുന്നു. അതുപോലെ ഒരു ബോട്ടു് ഏർപ്പെടുത്തിയാൽ ആ അപകടം ഇല്ലാതായി എന്നു വന്നാൽ അതുനല്ലതല്ലേ ?

Resolution put and carried

RESOLUTION No. 15

Permanent Government building to accommodate M.L.C.s during their stay at Ernakulam

***Mr. T. S. Ramachandra Ayyar** *(Chittur-Tattamangalam):* Sir, the resolution standing in my name reads thus.—

"This Council recommends to the Government to erect a suitable permanent Government building for the accommodation of the Members of the Legislative Council during their stay at Ernakulam on Council business."

Sir, though this matter has not been discussed in this Council this has been brought to the notice of the Government more than once so much so I do not find my way to congratulate the Government for having compelled a non-official member like me to raise this matter in discussion in this House or it gives one no great

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly